"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്-ആരോഗ്യ വകുപ്പ്- ജീവനക്കാര്യം- അനധികൃതമായി സർവ്വീസിൽ നിന്നും വിട്ട് നിൽക്കുന്ന മെഡിക്കൽ ഓഫീസർമാരെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(കൈ) നം.270/2025/H&FWD തീയതി,തിരുവനന്തപുരം, 20-08-2025

---

പരാമർശം:-

1. 29-12-2018 തീയതിയിലെ എ3/570/2018/ആകുവ നമ്പർ സർക്കുലർ
2. 22-11-2019 തീയതിയിലെ എ3/570/2018/ആകുവ നമ്പർ സർക്കുലർ
3. 15-07-2021 തീയതിയിലെ HEALTH- A3/570/2018 -Part (3) നമ്പർ കാരണം കാണിക്കൽ നോട്ടീസ്
4. 13-12-2023 തീയതിയിലെ HEALTH- A3/570/2018 -Part (3) നമ്പർ കാരണം കാണിക്കൽ നോട്ടീസ്
5. 24-06-2024 തീയതിയിലെ A3/570/2018-ആകുവ നമ്പർ കത്ത്
6. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 01-04-2025 ലെ A1-2/31/2024-KPSC നമ്പർ കത്ത്

<u>ഉത്തരവ്</u>

ആരോഗ്യ വകുപ്പിലെ ഒരു വിഭാഗം ജീവനക്കാരുടെ അനധികൃത ഹാജരില്ലായ്മ വകുപ്പിന്റെ പ്രവർത്തനത്തിന് പ്രതിബന്ധങ്ങൾ സൃഷ്ടിച്ചതിനാൽ അനധികൃതമായി സർവ്വീസിൽ നിന്നും വിട്ട് നിൽക്കുന്ന ജീവനക്കാർക്ക് സർവ്വീസിൽ പ്രവേശിക്കുന്നതിന് അവസരം നൽകിക്കൊണ്ട് പരാമർശം (1) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. തുടർന്ന് ചില ജീവനക്കാർ സർവ്വീസിൽ തിരികെ പ്രവേശിച്ചിരുന്നു. സർവ്വീസിൽ നിന്നും വിട്ട് നിൽക്കുന്നവർക്ക് സർവ്വീസിൽ തിരികെ പ്രവേശിക്കുന്നതിന് ഒരു അവസരം കൂടി നൽകിക്കൊണ്ട് വീണ്ടും പരാമർശം (2) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

2. ഒരു വർഷത്തെ ഇടവേളയ്ക്കുള്ളിൽ രണ്ട് തവണ അവസരം നൽകിയിട്ടും സർവ്വീസിൽ പ്രവേശിക്കുന്നതിന് തയ്യാറാകാത്ത ജീവനക്കാരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് ഭരണഘടനയുടെ ആർട്ടിക്കിൾ 311(2)(ബി) പ്രകാരവും 1960 ലെ കെ സി എസ് (സി സി &എ) ചട്ടം 18(ii) പ്രകാരവും താൽക്കാലിക തീരുമാനം കൈക്കൊണ്ട് പരാമർശം (3)

പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ഓരോ ജീവനക്കാരിന്റെയും ലഭ്യമായ വ്യക്തിഗത മേൽവിലാസത്തിൽ ടി കാരണം കാണിക്കൽ നോട്ടീസ് അയച്ചു നൽകിയിരുന്നു. കാരണം കാണിക്കൽ നോട്ടീസ് കൈപ്പറ്റിയിട്ടും മറുപടി നൽകാത്തവർ, കാരണം കാണിക്കൽ നോട്ടീസ് കൈപ്പറ്റാത്തവർ എന്നിവരുടെ പേരുൾപ്പെടുത്തിയ പരാമർശം (4) കാരണം കാണിക്കൽ നോട്ടീസ് 12-01-2024 തീയതിയിലെ ദിനപത്രത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. കാരണം കാണിക്കൽ നോട്ടീസ് പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടും മറുപടി ലഭ്യമാക്കാത്ത മെഡിക്കൽ ഓഫീസർമാരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് കൈക്കൊണ്ട താൽക്കാലിക തീരുമാനത്തിന്മേൽ പരാമർശം (5) പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആരാഞ്ഞിരുന്നു. തുടർന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പരാമർശം (6) പ്രകാരം ഉപദേശം ലഭ്യമാക്കുകയുണ്ടായി. പബ്ലിക് സർവ്വീസ് കമ്മീഷൻ സർക്കാരിന്റെ താല്ക്കാലിക തീരുമാനത്തോട് യോജിക്കുകയും അപ്രകാരം സർക്കാരിനെ ഉപദേശിക്കുകയും ചെയ്തിരുന്നു.

3. മേൽ സാഹചര്യത്തിൽ കാരണം കാണിക്കൽ നോട്ടീസിന് മറുപടി നൽകാത്ത ചുവടെ ചേർക്കുന്ന പട്ടികയിൽ ഉൾപ്പെട്ട ആരോഗ്യ വകുപ്പിലെ 27 മെഡിക്കൽ ഓഫീസർമാരെ ഭരണഘടനയുടെ ആർട്ടിക്കിൾ 311 (2) (ബി) , 1960 ലെ കെ സി എസ് (സി സി &എ) ചട്ടം 18( ii) എന്നിവ പ്രകാരം സർവ്വീസിൽ നിന്നും നീക്കം ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പേര് , അനധികൃത ഹാജരില്ലായ്മയിൽ പ്രവേശിച്ച സമയത്തെ ലഭ്യമായ ഔദ്യോഗിക മേൽവിലാസം | ലഭ്യമായ സ്ഥിരം മേൽവിലാസം | അനധികൃതമായി സർവ്വീസിൽ നിന്നും വിട്ട് നിൽക്കുന്ന തീയതി |
|---|---|---|---|
| 1 | ഡോ. അനീഷ് എസ്, ജൂനിയർ കൺസൾട്ടന്റ്, ജില്ലാ ആശുപത്രി, ചെങ്ങന്നൂർ , ആലപ്പുഴ | Flat No F3, Hill Camp Hamlet,Vilangan Hills Road, Amala Nagar, Thrissur | 05-07-2018 |
| 2 | ഡോ. താരാ ആർ നായർ, അസിസ്റ്റന്റ് സർജൻ, താലൂക്കാശുപത്രി , ബേഡഡുക്ക | Akshara (H), TC 3/1142/2, Vyasa Nagar, 35 B Pattom P O, TVPM | 05-10-2019 |
| 3 | ഡോ. ശേഷ് എസ് താലൂക്കാശുപത്രി , ബേഡഡുക്ക, കാസർകോട് | Chaithram, KC 13,496 , Vrindavanam Nagar, Kadappakkada, Kollam | 06-01-2019 |

| | | | |
|---|---|---|---|
| 4 | ഡോ. ജിഷ അശോകൻ,<br>അസിസ്റ്റന്റ് സർജൻ<br>താലൂക്കാശുപത്രി ,<br>പനത്തടി ,കാസറഗോഡ് | MRRA-69A, POurnami, Netaji Road, Vazhakkala, Kochi | 22-11-2018 |
| 5 | ഡോ. അനിൽ നാരായണൻ,<br>അസിസ്റ്റന്റ് സർജൻ<br>സാമൂഹികാരോഗ്യ കേന്ദ്രം, കൂട്ടിക്കൽ,കോട്ടയം | Santhi Nivas, MM NJagar, Kanjikuzhy, Kottayam | 11-09-2019 |
| 6 | ഡോ. പ്രവീൺ ഗോപി,<br>ജൂനിയർ കൺസൾട്ടന്റ്<br>താലൂക്കാശുപത്രി , വൈക്കം | Flat No. 103, Prasanth Apartment, MPHB 6th face, Hyderabad | 01-10-2018 |
| 7 | ഡോ. അഞ്ജു കെ ബാലൻ,<br>ജൂനിയർ കൺസൾട്ടന്റ്<br>ജനറൽ ആശുപത്രി ,എറണാകുളം | HIG 31, GCDA Surabhi Nagar, Kakkanad, Ernakulam | 17-08-2019 |
| 8 | ഡോ. സോണിയ പോൾ നിലയാറ്റിങ്ങൽ,<br>അസിസ്റ്റന്റ് സർജൻ<br>ജില്ലാ ആശുപത്രി ,വടക്കാഞ്ചേരി | Nilayattingal House, St.Thomas Nagar, Aranattukara | 12-09-2015 |
| 9 | ഡോ. സൗബി കെ പരീത്,<br>അസിസ്റ്റന്റ് സർജൻ<br>കുടുംബാരോഗ്യ കേന്ദ്രം<br>കോടനാട് , എറണാകുളം | Kanjirakottil House, Peringala, Ernakulam | 27-12-2017 |
| 10 | ഡോ. ദേവി ശ്രീ ആർ,<br>ജൂനിയർ കൺസൾട്ടന്റ്<br>സാമൂഹികാരോഗ്യ കേന്ദ്രം അയർകുന്നം ,<br>കോട്ടയം | Ushus, TC 21/295, JNRA E-4, Judge Road, Karamana, TVPM - 695002 | 23-11-2017 |
| 11 | ഡോ. ജിനു അലോഷ്യസ്,<br>കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ<br>ജില്ലാ ആശുപത്രി , തൊടുപുഴ ,ഇടുക്കി | Pulikkal House, Veliyanoor, Kottayam- 686634 | 17-12-2017 |
| | ഡോ. ശ്രുതി ജോസ്, | Puthencharayil House, | |

| | | | |
|---|---|---|---|
| 12 | അസിസ്റ്റന്റ് സർജൻ<br>ജനറൽ ആശുപത്രി , കോട്ടയം | AGRA 16, Janatha Road, Kaladi, Karamana, TVPM-695002 | 11-08-2017 |
| 13 | ഡോ. സ്വാതി ലക്ഷ്മി,<br>അസിസ്റ്റന്റ് സർജൻ<br>പിഎച്ച് സി ,ചെട്ടി കുളങ്ങര ,ആലപ്പുഴ | Vandanam, Puthenchantha P O, Vallikunnam, Alappuzha- 690501 | 01-01-2018 |
| 14 | ഡോ. അഷറുൾഹക്ക് കെ റ്റി,<br>അസിസ്റ്റന്റ് സർജൻ<br>സി എച്ച് സി , പെരിയ ,<br>കാസറഗോഡ് | Nafesathu Manzil, Kottarakkara, Kondotty P O, Malappuram | 01-11-2017 |
| 15 | ഡോ. നീതു എം എസ്,<br>അസിസ്റ്റന്റ് സർജൻ<br>പി എച്ച് സി, കോട്ടങ്ങൾ പത്തനംതിട്ട | Nithya, Cahrupara, Kattakada P O, TVPM-695572 | 30-05-2015 |
| 16 | ഡോ. മീനു വേണുകുമാർ,<br>അസിസ്റ്റന്റ് സർജൻ<br>ജില്ലാ ആശുപത്രി ,പാലക്കാട് | Polothil House, Thriprayar, Nattika P O, Thrissur | 25-03-2019 |
| 17 | ഡോ. എബിൻ ജോസ്,<br>അസിസ്റ്റന്റ് സർജൻ<br>ഉടുമ്പൻചോല കുടുംബാരോഗ്യ കേന്ദ്രം<br>,ഇടുക്കി | Eramangalath (H),Nellimala Road, Muvattupuzha ,Ernakulam-686661 | 05-09-2019 |
| 18 | ഡോ. മനു പ്രസാദ്,<br>ജൂനിയർ കൺസൽട്ടന്റ്<br>ജനറൽ ആശുപത്രി<br>തലശ്ശേരി | Swathi (H), Kizhakkekara, Muvattupuzha P O, Pin-686661 | 01-11-2019 |
| 19 | ഡോ. സൂരജ് എസ്,<br>അസിസ്റ്റന്റ് സർജൻ<br>താലൂക്ക് ഹെഡ്ക്വർട്ടേഴ്സ് ആശുപത്രി<br>,ആലത്തൂർ | Flat No IE Jose Alukkas, Platinum City, Eravimangalam, Thrissur-680751 | 15-05-2019 |
| | | | |

| | | | |
|---|---|---|---|
| 20 | ഡോ. ശ്രീലക്ഷ്മി എഫ്, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ താലൂക്കാശുപത്രി ,കടയ്ക്കൽ | Sreevilas, TC 2/2348, H.No 45, TPJ Nagar, Pattom, TVPM | 16-10-2019 |
| 21 | ഡോ. നീഹാർ എം ഷാനവാസ്, ജൂനിയർ കൺസൾട്ടന്റ് ജനറൽ ആശുപത്രി പാലാ ,കോട്ടയം | SBCA, Karumom P O TVPM- 695002 | 11-09-2019 |
| 22 | ഡോ. നിഖിൽ കുര്യൻ, അസിസ്റ്റന്റ് സർജൻ പി എച്ച് സി ,ഉദയഗിരി ,കണ്ണൂർ | Aruvakkai(H), Peruparamba, Iritty P O, Kannur- 670703 | 01-10-2019 |
| 23 | ഡോ. നമിത വി കൃഷ്ണ, അസിസ്റ്റന്റ് സർജൻ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ , പുരപ്പുഴ , ഇടുക്കി | Chavarananickel ,Maryland, Melukavumattom, Kottayam | 01-11-2012 |
| 24 | ഡോ. കാഞ്ചന സീത, അസിസ്റ്റന്റ് സർജൻ ജില്ലാ ആശുപത്രി, കണ്ണൂർ | Near Olacherykarvu, Talap, Kannur | 09-12-2009 |
| 25 | ഡോ. അജയ് ദേവ് ഡി അസിസ്റ്റന്റ് സർജൻ താലൂക്കാശുപത്രി ,അടിമാലി ,ഇടുക്കി | Ullas Nagar, Adichenelloor | 26-05-2007 |
| 26 | ഡോ. അർഷിത വി പി, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ ജില്ലാ ആശുപത്രി ,കണ്ണൂർ | GE -Landmark, Metro POHS ,Ashokapuram, Kozhikode | 01-04-2016 |
| 27 | ഡോ. അബ്ദുൾ ഹമീദ് വലിയപറമ്പത്ത്, അസിസ്റ്റന്റ് സർജൻ സി എച്ച് സി കുന്നുമ്മൽ, കോഴിക്കോട് | Parambath House, kayakkodi post, kozhikode - 673508 | 03-04-2014 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർക്ക് (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന) [പരാമർശം (6)ന്റെ പകർപ്പ് സഹിതം]
വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിന്)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ (എ 3/570/2018/ഹെൽത്ത് പാർട്ട് 3)

ഉത്തരവിൻ പ്രകാരം

Signed by
Anupama G Nair
Date: 20-08-2025 12:54:01

സെക്ഷൻ ഓഫീസർ

മേലെഴുത്ത് നം DHS/10000/2025-EA4 തീയതി 28-08-2025

സർക്കാർ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാരുടെ അറിവിലേയ്ക്കായ ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Signed by
Reena K J
Date: 28-08-2025 13:13:39

**Dr REENA K J,**

**DIRECTOR OF HEALTH SERVICES**